# Desabhimani

# 27 August 2018

# Thiruvananthapuram, After Flood, Vehicle Records



## വാഹനരേഖകൾ നഷ്ടമായവർക്ക് എളുപ്പത്തിൽ ലഭ്യമാക്കും

■ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും പിഴ ഈടാക്കാതെയും മറ്റ് നടപടിക്രമങ്ങളില്ലാതെയും ഡ്യൂപ്ലിക്കേറ്റ് രേഖകൾ അനുവദിക്കുക.

**തിരുവനന്തപുരം**

പ്രളയത്തിൽ മോട്ടോർ വാഹനവകുപ്പുമായി ബന്ധപ്പെട്ട രേഖകൾ നഷ്ടമായവർക്ക് പകർപ്പുകൾ ലഭിക്കാൻ അപേക്ഷിക്കാമെന്ന് ഗതാഗതമന്ത്രി എ കെ ശശീന്ദ്രൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. വാഹനങ്ങളുടെ രേഖകളും ഡ്രൈവിങ് ലൈസൻസുകളും നഷ്ടമായവർക്കും ഡ്രൈവിങ് ടെസ്റ്റുകളുടെ കാലാവധി അവസാനിച്ചവർക്കും അവസരം പ്രയോജനപ്പെടുത്താം. പ്രളയബാധിത കുടുംബങ്ങളിൽ 75 ശതമാനത്തിനും മോട്ടോർ വാഹനവകുപ്പുമായി ബന്ധപ്പെട്ട രേഖകൾ നഷ്ടമായിട്ടുണ്ടെന്നും അവർക്ക് അവസരം പ്രയോജനകരമാകുമെന്നും മന്ത്രി പറഞ്ഞു.

ആഗസ്ത് 13 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ രേഖകൾ നഷ്ടമായവർക്കും പുതുക്കാനുള്ള കാലാവധി പൂർത്തിയാകുന്നവർക്കുമാണ് അവസരം. പുതിയ സാഹചര്യത്തിൽ പൊലീസിൽ പരാതി നൽകുക, പത്രത്തിൽ പരസ്യം കൊടുക്കുക തുടങ്ങിയ നടപടിക്രമങ്ങളിൽ ഇളവുവരുത്തി. ഫാൻസി നമ്പർ കാലാവധി ക്രമപ്പെടുത്തുന്നതിനും താൽക്കാലിക രജിസ്ട്രേഷൻ കഴിഞ്ഞ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും രജിസ്ട്രേഷൻ പുതുക്കാനും അപേക്ഷിക്കാം.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടെസ്റ്റിന്റെ കാലാവധി കഴിഞ്ഞ വാഹനങ്ങളുടെ കോംപൗണ്ടിങ് ഫീസ് ഒഴിവാക്കും. ഡ്രൈവിങ് കണ്ടക്ടർ ലൈസൻസുകളും പെർമിറ്റ് പുതുക്കാനുള്ള കാലാവധിയും കോംപൗണ്ടിങ് ഫീസ് സമയപരിധിയും 31 വരെ നീട്ടി.

വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും പിഴ ഈടാക്കാതെയും മറ്റ് നടപടിക്രമങ്ങളില്ലാതെയും ഡ്യൂപ്ലിക്കേറ്റ് രേഖകൾ അനുവദിക്കുക. വാഹനങ്ങളുടെ ഇൻഷുറൻസ് സംബന്ധിച്ച് ഇൻഷുറൻസ് കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.